23334
4/11/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടവുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിലെ ആഭരണങ്ങളുടെ കണക്കെടുപ്പിനും ദുരിതാശ്വാസ ഏകോപന അടിയന്തിര പ്രവർത്തനങ്ങൾക്കുമായി ലോട്ടറി ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിച്ചും തുക വിനിയോഗിച്ച നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി ആർ എഫ് - എ) വകുപ്പ്

ജി.ഒ.(ആർ.റ്റി) നമ്പർ : 4621/2017/റവ. തിരുവനന്തപുരം തീയതി, 01.11..2017

പരാമർശം:- 1).ബഹു.ഹൈക്കോടതിയുടെ 23.05.2016 ലെ WP(C)No. 14978/16 നമ്പർ ഉത്തരവ്.
2)25.02.2017,29.03.2017 എന്നീ തീയതികളിലെ കൊല്ലം ജില്ലാ കളക്ടറുടെ എൻ7/29000/2016 നമ്പർ കത്തുകൾ.

## ഉത്തരവ്

കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ പരാമർശം (1) - ലെ ഉത്തരവ് പ്രകാരം, ടി ക്ഷേത്രത്തിലെ ആഭരണങ്ങളുടെ കണക്കെടുപ്പിനായി 22,566/- രൂപയും കൂടാതെ ദുരിതാശ്വാസ ഏകോപന അടിയന്തിര പ്രവർത്തനങ്ങൾക്കായി 62,350/- രൂപയും ഉൾപ്പടെ 84,916/- രൂപ( എൺപത്തി നാലായിരത്തി തൊള്ളായിരത്തി പതിനാറ് രൂപ മാത്രം) ലോട്ടറി ഫണ്ടിൽ നിന്നും വിനിയോഗിച്ചതായും ആയതിനാൽ പ്രസ്തുത തുക ലോട്ടറി ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് നല്കണമെന്നും, അടിയന്തിര ആവശ്യം പ്രമാണിച്ച് ലോട്ടറി ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച നടപടി സാധൂകരിച്ച് നൽകണമെന്നും പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ കളക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2) സർക്കാർ വിഷയം പരിശോധിച്ചു കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടവുമായി ബന്ധപ്പെട്ട് ലോട്ടറി ഫണ്ടിൽ നിന്നും വിനിയോഗിച്ച 84,916/- രൂപ( എൺപത്തി നാലായിരത്തി തൊള്ളായിരത്തി പതിനാറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും അടിയന്തിര ആവശ്യം പ്രമാണിച്ച് ടി തുക വിനിയോഗിച്ച ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ടി തുകയായ 84,916/- രൂപ( എൺപത്തി നാലായിരത്തി തൊള്ളായിരത്തി പതിനാറ് രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **കൊല്ലം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി.എസ്.പാവനകുമാരി
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ് / റവന്യൂ (ഡി ആർ എഫ് - ബി,സി) വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sunitha A.S.

സെക്ഷൻ ഓഫീസർ